"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ എരിമയൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. -ക്ക്, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.363/2026/AYUSH തീയതി,തിരുവനന്തപുരം, 20-07-2026

---

പരാമർശം:-

1. 02.12.1991 ലെ ജി.ഒ.(പി) നം.36/91/P&ARD നമ്പർ സർക്കാർ ഉത്തരവ്.
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 31.01.2026 ലെ DISM/2688/2025-E2 നമ്പർ കത്ത്.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 18.03.2026 ലെ DCKNR/2826/2026-H3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ എരിമയൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. കാസർഗോഡ് ജില്ലയിൽ, ചട്ടങ്ങളിൽ ഇളവുവരുത്തി, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു. ശ്രീമതി ശ്രുതി പി.പി. യുടെ മൂത്ത സഹോദരി രശ്മി. പി.പി. ഓട്ടിസം ബാധിച്ച കുട്ടിയാണെന്നും ഇളയ സഹോദരൻ ആദർശ് പി.പി. വൃക്കരോഗ ബാധിതനായി വൃക്ക മാറ്റിവെക്കൽ ശാസ്ത്രക്രിയക്ക് വിധേയനായതാണെന്നും സഹോദരന് വൃക്ക നൽകിയത് ടിയാളുടെ അച്ഛനാണെന്നും 76 വയസ്സ് കടന്ന അച്ഛനും മറ്റൊരാളുടെ സംരക്ഷണം ആവശ്യമാണെന്നും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ ഒരു ഒഴിവ് നിലവിലുണ്ടെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

**2.** ശ്രീമതി ശ്രുതി.പി.പി. 09.11.2023 ൽ ആണ് സേവനത്തിൽ പ്രവേശിച്ചതെന്നും ജില്ലയിൽ 5 വർഷം സേവനം പൂർത്തിയാക്കിയിട്ടില്ലെന്നും കാസർഗോഡ് ജില്ലയിൽ സ്ഥലംമാറ്റം അനുവദിക്കുന്നതിന് 5 വർഷ സേവനം പൂർത്തിയാക്കണം എന്ന വ്യവസ്ഥയിൽ സർക്കാർ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ജില്ലയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട് ടിയാളെക്കാൾ സീനിയറായ മറ്റ് ജീവനക്കാരുടെ അപേക്ഷ നിലവിലുണ്ടെന്നും, ടി സാഹചര്യത്തിൽ, അപേക്ഷയിലെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്ത് ടിയാൾക്ക് കാസർഗോഡ്

ജില്ലയിൽ പ്രത്യേക കേസായി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ശ്രീമതി. ശ്രുതി. പി.പി. സമർപ്പിച്ച അന്തർജില്ലാ സ്ഥലമാറ്റ അപേക്ഷയിന്മേൽ കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടിയതിൽ ടിയാളുടെ സ്വന്തം ജില്ലയായ കണ്ണൂരിലെ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ, അപേക്ഷകയായ ശ്രീമതി ശ്രുതി പി.പി. പയ്യന്നൂർ താലൂക്കിലെ കരിവെള്ളൂർ വില്ലേജിൽ വടക്കേ മണക്കാട്ട് എന്ന സ്ഥലത്ത് മാതാപിതാക്കളുടെ കൂടെയാണ് താമസിച്ചുവരുന്നതെന്നും മാതാപിതാക്കൾക്ക് അപേക്ഷകയടക്കം മൂന്ന് മക്കളാണുള്ളതെന്നും ഇതിൽ മൂത്ത മകൾക്ക് മുപ്പത് വയസ്സ് പ്രായമായെങ്കിലും ഓട്ടിസം ബാധിച്ച് സ്വന്തമായി കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്തതും സംസാര ശേഷിയില്ലാത്തതുമാണെന്നും ഇവരുടെ എല്ലാ കാര്യങ്ങൾക്കും പരസഹായം ആവശ്യമാണെന്നും അപേക്ഷകയുടെ മാതാപിതാക്കൾ പ്രായാധിക്യം മൂലം ബുദ്ധിമുട്ടുള്ളവരാണെന്നും വിദ്യാർത്ഥിയായ ഇളയ സഹോദരന് വൃക്ക മാറ്റിവെച്ചിട്ടുള്ളതാണെന്നും ദാതാവ് പിതാവായിരുന്നുവെന്നും വീട്ടിലെ എല്ലാ കാര്യങ്ങളും ചെയ്യുന്നത് പ്രായാധിക്യവും മറ്റും കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന മാതാപിതാക്കളാണെന്നും അപേക്ഷകയുടെ സാന്നിധ്യം ഉണ്ടെങ്കിൽ ഇവർക്ക് അത് വലിയ ആശ്വാസമായിരിക്കുമെന്നും, പ്രസ്തുത സാഹചര്യത്തിൽ, ശ്രീമതി ശ്രുതി പി.പി. യുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ അനുകമ്പാർഹ ഗണത്തിലെ പരിഗണനയ്ക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും കണ്ണൂർ ജില്ലാകളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ എരിമയൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. -ക്ക്, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ശ്രുതി പി.പി., ഫാർമസിസ്റ്റ് ഗ്രേഡ്-2, ഗവ. ആയുർവേദ ഡിസ്പെൻസറി, എരിമയൂർ, പാലക്കാട് ജില്ല.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. പൊതുഭരണ (എസ്.സി) വകുപ്പ് (15.07.2026 ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം നം.75 ലെ തീരുമാനം).
5. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരണത്തിനായി).

6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/33/2026-AYUSH).

ഉത്തരവിൻ പ്രകാരം

Digitally signed by
Swopna Raj
Date: 20-07-2026
15:33:57

സെക്ഷൻ ഓഫീസർ

പകർപ്പ് -

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-07-2026

ഫയൽ നം. ആയുഷ്-എ1/33/2026/ആയുഷ്. ഇനം നം : 75

വിഷയം : ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ എരിമയൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി. ശ്രുതി പി. പി.-ക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിയമാനുസൃത ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

കേരള സർക്കാർ
(ശ്രീ.വി.ഡി.സതീശൻ മന്ത്രിസഭ)
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | ആയുഷ്-എ 1/33/2026-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ എരിമയൂർ ഗവ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. -ക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിയമാനുസൃത ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർ ജില്ലാ സ്ഥലമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14-06-2026 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല. |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ വിജയ്‌രാജ് ജെ. |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.06.2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.06.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.മുരളീധരൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07.07.2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09.07.2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ എരിമയൂർ ഗവ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. -ക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിയമാനുസൃത ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർ ജില്ലാ സ്ഥലമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

**2.** പാലക്കാട് ജില്ലയിൽ എരിമയൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. കാസർഗോഡ് ജില്ലയിൽ, ചട്ടങ്ങളിൽ ഇളവുവരുത്തി, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ശ്രീമതി ശ്രുതി പി.പി. യുടെ മൂത്ത സഹോദരി രശ്മി. പി.പി. (34 വയസ്സ്) ഓട്ടിസം ബാധിച്ച കുട്ടിയാണെന്നും ജന്മനാ ബുദ്ധിമാന്ദ്യം ഉള്ളതിനാൽ പരസഹായം ഇല്ലാതെ പ്രാഥമിക കർമ്മം പോലും ചെയ്യാൻ സാധിക്കില്ലെന്നും ഇളയ സഹോദരൻ ആദർശ് പി.പി. വൃക്ക രോഗ ബാധിതനായി വൃക്ക മാറ്റിവെക്കൽ ശാസ്ത്രക്രിയക്ക് വിധേയനായതുകൊണ്ട് ഇടയ്ക്കിടയ്ക്ക് അണുബാധയെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റാക്കേണ്ടി വരുന്നുവെന്നും സഹോദരന് വൃക്ക നൽകിയത് ടിയാളുടെ അച്ഛനാണെന്നും 76 വയസ്സ് കടന്ന അച്ഛനും മറ്റൊരാളുടെ സംരക്ഷണം ആവശ്യമാണെന്നും രേഖപ്പെടുത്തിയിട്ടുള്ളതായും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലയിൽ ഒരു ഒഴിവ് നിലവിലുണ്ടെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

**3.** ശ്രീമതി ശ്രുതി.പി.പി. 09.11.2023 ൽ ആണ് സേവനത്തിൽ പ്രവേശിച്ചതെന്നും ജില്ലയിൽ 5 വർഷം സേവനം പൂർത്തിയാക്കിയിട്ടില്ലെന്നും കാസർഗോഡ് ജില്ലയിൽ സ്ഥലംമാറ്റം അനുവദിക്കുന്നതിന് 5 വർഷ സേവനം പൂർത്തിയാക്കണം എന്ന വ്യവസ്ഥയിൽ സർക്കാർ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ജില്ലയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ട് ടിയാളെക്കാൾ സീനിയറായ മറ്റു ജീവനക്കാരുടെ അപേക്ഷ നിലവിലുണ്ടെന്നും ടി സാഹചര്യത്തിൽ അപേക്ഷയിലെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്ത് ടിയാൾക്കു കാസർഗോഡ് ജില്ലയിൽ പ്രത്യേക

കേസായി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 02.12.1991 ലെ ജി.ഒ.(പി) നം.36/91/P&ARD ലെ മാർഗ്ഗനിർദ്ദേശ പ്രകാരം ശ്രീമതി. ശ്രുതി. പി.പി. സമർപ്പിച്ച അന്തർജില്ലാ സ്ഥലമാറ്റ അപേക്ഷയിന്മേൽ കാസർഗോഡ് ജില്ലാകളക്ടറുടെ റിപ്പോർട്ട് തേടിയതിൽ ടിയാളുടെ സ്വന്തം ജില്ലയായ കണ്ണൂരിലെ ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ അപേക്ഷകയായ ശ്രീമതി ശ്രുതി പി.പി. പയ്യന്നൂർ താലൂക്കിലെ കരിവെള്ളൂർ വില്ലേജിൽ വടക്കേ മണക്കാട്ട് എന്ന സ്ഥലത്ത് മാതാപിതാക്കളുടെ കൂടെയാണ് താമസിച്ചുവരുന്നതെന്നും മാതാപിതാക്കൾക്ക് അപേക്ഷകയടക്കം മൂന്ന് മക്കളാണുള്ളതെന്നും ഇതിൽ മൂത്ത മകൾക്ക് മുപ്പത് വയസ്സ് പ്രായമായെങ്കിലും ഓട്ടിസം ബാധിച്ച് സ്വന്തമായി കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്തതും സംസാര ശേഷിയില്ലാത്തതുമാണെന്നും ഇവരുടെ എല്ലാ കാര്യങ്ങൾക്കും പരസഹായം ആവശ്യമാണെന്നും അപേക്ഷകയുടെ മാതാപിതാക്കൾ പ്രായാധിക്യം മൂലം ബുദ്ധിമുട്ടുള്ളവരാണെന്നും വിദ്യാർത്ഥിയായ ഇളയ സഹോദരന് വൃക്ക മാറ്റി വെച്ചിട്ടുള്ളതാണെന്നും ദാതാവ് പിതാവായിരുന്നുവെന്നും വീട്ടിലെ എല്ലാ കാര്യങ്ങളും ചെയ്യുന്നത് പ്രായാധിക്യവും മറ്റും കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന മാതാപിതാക്കളാണെന്നും അപേക്ഷകയുടെ സാന്നിധ്യം ഉണ്ടെങ്കിൽ ഇവർക്ക് അത് വലിയ ആശ്വാസമായിരിക്കുമെന്നും പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ശ്രുതി പി.പി. യുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ അനുകമ്പാർഹ ഗണത്തിലെ പരിഗണനയ്ക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും കണ്ണൂർ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. ശ്രീമതി ശ്രുതി പി.പി. -ക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള നിയമാനുസൃത ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർ ജില്ലാ സ്ഥലമാറ്റം അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിലെ എരിമയൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി ശ്രുതി പി.പി. -ക്ക്, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, കാസർഗോഡ് ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവിൽ ആദ്യ മുൻഗണന നൽകി അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കുന്നതിന് അനുമതി നൽകാമോ?